HON'BLE MR. C. KESAVAN : ഗവണ്മെൻറിൽനിന്നും അങ്ങനെ കമ്മീഷനായിട്ടൊന്നും എടുക്കുന്നില്ല. ചെലവായതുപോയിട്ട് ബാക്കിയെ എടുക്കുന്നുള്ളൂ.

MR. P. NANOO : ചെലവ് ഏതിനങ്ങൾക്കൊണ്ട് ഗവണ്മെൻറിൽ നിന്നും കൊടുക്കുന്നതെന്നറിയാമോ ?

HON'BLE MR. C. KESAVAN : പ്രോറേറ്റാ അനുസരിച്ചുള്ള എല്ലാ ചെലവും ഉൾപ്പെടും.

നെൽ കൃഷി.

264. MR. P. K. KUMARAN ASARI (*Meenachil I—Kammala Reserved*): താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി സദയം മറുപടിനൽകുമോ ?

(എ) കരപ്പാടങ്ങളിൽ നെൽ കൃഷി വളരെ മോശമാകുന്നതിൻറെ കാരണം വെള്ളത്തിൻറേയും വളത്തിൻറേയും ദൗർലഭ്യം കൊണ്ടോ മറ്റു വല്ല കാരണങ്ങളാലോ ആണോ എന്നു ഗവണ്മെൻറിൽ നിന്നു അന്വേഷണം ചെയ്തിട്ടുണ്ടോ ?

(ബി) അപ്രകാരമുള്ള പാടങ്ങൾക്കു സമീപം വളം ഡിപ്പോ കൾ സ്ഥാപിക്കുന്നതിനുള്ള വേണ്ട ഏർപ്പാടുകൾ ചെയ്യുമോ?

HON'BLE MR. K. M. KORAH : (*a*) കരപ്പാടങ്ങളിൽ നെൽ കൃഷി മോശമാകുന്നതിനുള്ള കാരണം മിക്കവാറും വെള്ളത്തിൻറേയും വളത്തിൻറേയും ദൗർലഭ്യം തന്നെയാണ്.

(ബി) അപ്രകാരമുള്ള സ്ഥലങ്ങളിൽ വളം ഡിപ്പോകൾ സ്ഥാപിച്ചിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

MR. P. K. KUMARAN ASARI : വെള്ളത്തിൻറെ ദൗർലഭ്യംകൊണ്ട് വൈഷമ്യം ഉണ്ടാകുന്ന കരപ്പാടങ്ങളെ റ്റ്യൂബുവഴി പമ്പു ചെയ്തിച്ച് ജലസേചനം നടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യാമോ ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. M. KORAH : ഈ കാര്യത്തിൽ വേണ്ട ശ്രദ്ധപതിപ്പിക്കാം.

MR. P. K. KUMARAN ASARI : എവിടെയെല്ലാം ഇങ്ങനെ സംഭവിക്കുമെന്ന് അനേഷിച്ചിട്ടുണ്ടോ ?

HON'BLE MR. K. M. KORAH : അനേഷിക്കുന്നുണ്ട്.

Documents registered in the Monkompu Registry Office.

265. MR. ALEXANDER VAKAYIL : Will the Honourable Minister for Registration be pleased to state :

(*a*) what is the minimum output of work required for a Sub-Registry Office in a year ; and

(*b*) what is the number of documents registered in the Moukompu Registry Office in the years 1118-1123 Mithunam ?

HON'BLE MR. C. KESAVAN : (*a*) There is no hard and fast rule in the matter.

(*b*)

1118	—	1911
1119	—	1641
1120	—	1496
1121	—	1478
1122	—	1572

1123 up to Mithunam end 1349.

MR. ALEXANDER VAKAYIL : ഈ രജിസ്റ്റർ ആഫീസ് ഇപ്പോഴും പ്രവർത്തനം നടത്തുന്നുണ്ടോ ?

HON'BLE MR. C. KESAVAN : ഈ ആണ്ടവസാനംവരെ പ്രവർത്തനം നടത്തുന്നതാണ്.

മണ്ണെണ്ണ.

266. MR. ABDUL MAJEED (*Chirayinkil III—Muslim*) : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ ?

തിരുവിതാംകൂറിനു മാസത്തിൽ എത്ര ടിൻ മണ്ണെണ്ണ ലഭിക്കുന്നു? താലൂക്കതോറും അതെന്തടിസ്ഥാനത്തിൽ വിതരണം ചെയ്യപ്പെടുന്നു ?

HON'BLE MR. A. THANU PILLAI : There is no fixed monthly quota of kerosene oil. The quota varies every month. The sanctioned quota for each month is proportionately distributed on the basis of ration cards.

LIBRARY ARCHIVES Kerala Legislative Assembly